©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 10
Vol. X

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2021 ഏപ്രിൽ 27
27th April 2021

1196 മേടം 14
14th Medam 1196

1943 വൈശാഖം 7
7th Vaisakha 1943

നമ്പർ
No.
17

## PART IV

# Private Advertisements and Miscellaneous Notifications

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

വിജ്ഞാപനം

നമ്പർ ആർ.ഒ. സി. 12/15/മിസ്1. 2021 ഫെബ്രുവരി 27.

1950-ലെ ഹിന്ദു റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് 15 സെക്ഷൻ 15-ൽ 1, 2 അനുസരിച്ചും, സെക്ഷൻ 28-ൽ 2 അനുസരിച്ചും തുടർന്ന് വന്നിരുന്ന വ്യവസ്ഥകൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിലുള്ള തൃക്കാരിയൂർ ഗ്രൂപ്പിൽപ്പെട്ട പിൻമറ്റം സബ് ഗ്രൂപ്പിലെ കിഴക്കൊമ്പ് ദേവസ്വം ശാന്തി പ്രവൃത്തി നോക്കി നടത്തുന്നതിന് എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ തൃക്കാരിയൂർ വില്ലേജിൽ കുട്ടിമുട്ടത്ത് ഇല്ലത്തിന് കാരാണ്മ അവകാശം സിദ്ധിച്ചിട്ടുള്ളതാകുന്നു. എന്നാൽ ടി ശാന്തി ജോലിക്ക് വരുന്നതിന് ടി കുടുംബത്തേക്ക് അടുത്ത അവകാശികളിൽപ്പെട്ട ആരും ഇല്ല എന്ന് കാണിച്ച് കുടുംബ മൂപ്പന്റെ അപേക്ഷ ലഭിച്ചിട്ടുള്ളതിനാൽ ടി കാരാണ്മ അവകാശം വിജ്ഞാപന തീയതി മുതൽ റദ്ദ് ചെയ്യുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും തീരുമാന മെടുക്കുന്നു. ബോർഡിന്റെ ഈ തീരുമാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ആക്ഷേപമുള്ളപക്ഷം ആയത്, പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ എഴുതി അറിയിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്കകം ആക്ഷേപം ഒന്നും ലഭിക്കാത്തപക്ഷം ഈ പ്രാഥമിക വിജ്ഞാപനം അന്തിമ വിജ്ഞാപനമായി പരിഗണിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം
ബോർഡിനുവേണ്ടി.

തിരുവനന്തപുരം, (ഒപ്പ്)
27-2-2021. സെക്രട്ടറി.

---

## കേരള സ്റ്റേറ്റ് വഖഫ് ബോർഡ്

വസ്തു വാങ്ങൽ വിജ്ഞാപനം

നമ്പർ A3/3791/CR. 2021 ഏപ്രിൽ 9.

കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ 3791/ആർ.എ നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിലെ വട്ടിയൂർക്കാവ് മുസ്ലീം ജമാഅത്തിന് വേണ്ടി അരുവിക്കര വില്ലേജിൽ, ഷക്കീല മൻസിൽ ശ്രീമതി ഷെമി ഷാജഹാന്റെയും വട്ടിയൂർക്കാവ് മാർക്കറ്റ് ലൈൻ റ്റി. സി. 10/1607/1-ൽ താമസം ഷാഹുൽ ഹമീദ് മകൻ ശ്രീ. ഷാജഹാന്റെയും ഉടമസ്ഥത യിലുള്ള തിരുവനന്തപുരം താലൂക്കിലെ പേരൂർക്കട വില്ലേജിൽ സർവ്വെ നമ്പർ 1911/B1-3 റീസർവ്വെ നമ്പർ 59-ൽപ്പെട്ട 18.250 സെന്റ് വസ്തുവിൽ നിന്ന് ജമാഅത്ത് മതിലിനോട് ചേർന്ന് 7.300 സെന്റ് വസ്തു ₹ 1,00,00,000 (ഒരു കോടി രൂപ)-ക്ക് വാങ്ങുന്നതിന് ബോർഡിന്റെ അനുമതി ആവശ്യപ്പെട്ട് വട്ടിയൂർക്കാവ് മുസ്ലീം ജമാഅത്ത് സെക്രട്ടറി ശ്രീ. അബൂബക്കർ ഹാജി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വസ്തു വട്ടിയൂർക്കാവ് മുസ്ലീം ജമാഅത്തിന് വേണ്ടി വാങ്ങുന്നതിന് അനുവദിക്കുന്ന കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ആയത് ഈ വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിസത്തിനകം ഡിവിഷണൽ വഖഫ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഡിവിഷണൽ ഓഫീസ്, ആർട്ടലി കംഫർട്ട്, നളന്ദറോഡ്, പി. എം. ജി., വികാസ്ഭവൻ പി. ഒ., തിരുവനന്തപുരം-695 033 എന്ന വിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കുന്നതല്ലെന്നുള്ള വിവരം അറിയിക്കുന്നു.

(ഒപ്പ്)

ഡിവിഷണൽ വഖഫ് ഓഫീസർ.

---

## നിലമ്പൂർ നഗരസഭ

വിജ്ഞാപനം

നമ്പർ പി. ഒ.-17110/16. 2021 ഏപ്രിൽ 12.

കേരള തെരുവ് കച്ചവട ചട്ടം [ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും, സ.ഉ.(പി) നമ്പർ 15/2018/തസ്വഭവ. തീയതി 12-3-2018], അദ്ധ്യായം 2, ചട്ടം (5) പ്രകാരം നിലമ്പൂർ നഗരസഭയിലെ നഗരകച്ചവട സമിതിയിലേക്കുള്ള തെരുവ് കച്ചവടക്കാരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. തെരുവ് കച്ചവട നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്ന ചുമതലകൾ കൂടാതെ തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും പുനരധിവാസവുമാണ് നഗര കച്ചവട സമിതിയുടെ ചുമതല.

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്ന തിനും നഗരങ്ങളിലെ തെരുവ് കച്ചവടം ബാഹ്യ ശക്തികളെ ഒഴിവാക്കി നഗരസഭകളുടെ നിയന്ത്രണത്തിലേക്ക് കൊണ്ടു വരുന്നതിനായി 2014 ഇന്ത്യൻ പാർലമെന്റ് തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം പാസാക്കുകയുണ്ടായി. ഈ നിയമം വിഭാവനം ചെയ്യുന്നതനുസരിച്ച് സംസ്ഥാന സർക്കാർ 2018 മാർച്ച് 12 തീയതിയിൽ തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം വിജ്ഞാപനം ചെയ്യുകയുണ്ടായി. തെരുവ് കച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനും, പുനരധിവാസത്തിനും, തെരുവ് കച്ചവട നിയമവും ചട്ടവും നടപ്പിലാക്കുന്നതിനും വേണ്ടിയാണ് നഗരസഭാ തലത്തിൽ നഗരകച്ചവട സമിതി നിലവിൽ വന്നിട്ടുള്ളത്. തെരുവ് കച്ചവട ചട്ടം അദ്ധ്യായം 2 ചട്ടം (5) പ്രകാരം പ്രസ്തുത സമിതിയിലേക്ക് തെരുവ് കച്ചവടക്കാരുടെ 9 പ്രതിനിധികളെ തെരഞ്ഞെടുപ്പിലൂടെ കണ്ടത്തേണ്ടതുണ്ട്. ആയതിൻ പ്രകാരം നിലമ്പൂർ നഗരസഭയിലെ നഗരകച്ചവട സമിതി രൂപീകരിക്കുന്നതിന് തെരുവ് കച്ചവട പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പ് നടത്തുവാൻ നഗരസഭ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

നിലമ്പൂർ നഗരസഭ. (ഒപ്പ്)
സെക്രട്ടറി.